കണക്ഷനും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, പ്രവാസി മലയാളികളുടെ കുട്ടികൾ ഗൾഫിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, അമിതമായ വിമാനയാത്രക്കൂലി കുറയ്ക്കാൻ നടപടി സ്വീകരിക്കുക, കപ്പൽ സർവ്വീസ് ആരംഭിക്കുക, മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷകൾ നടത്തുന്നതിന് ഗൾഫ് നാടുകളിൽ പരീക്ഷാകേന്ദ്രങ്ങൾ ആരംഭിക്കുക, പ്രവാസി മലയാളികളിൽ നിന്നും പണം തട്ടിച്ച് നാട്ടിലെത്തിയവരെ കണ്ടുപിടിച്ച് പണം ലഭ്യമാക്കുന്നതിനും, മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

നിവേദനങ്ങൾ എല്ലാ സമഗ്രമായി പരിശോധിക്കുകയും, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും പരിഹാരം കാണേണ്ട നിവേദനങ്ങൾ പരിശോധിക്കുകയും വിദേശകാര്യ വകുപ്പുമന്ത്രി, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, വ്യോമയാന വകുപ്പുമന്ത്രി, കേന്ദ്ര തൊഴിൽമന്ത്രി എന്നിവരെ നോർക്ക വകുപ്പുമന്ത്രി നേരിൽ കാണുകയും നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് മാനദണ്ഡം

6 (*273) ശ്രീ. മത്തായി ചാക്കോ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) സ്വകാര്യ-പൊതുമേഖലാ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട ഒരേ നിരക്കിലാണോ ; ഇല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ന്യൂനപക്ഷ പദവിയുള്ള സ്വാശ്രയ സ്ഥാപനങ്ങളുണ്ടോ ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അവിടുത്തെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച സർക്കാർ നിർദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്. ഉത്തരവിന്റെ (G.O. (P). No.170/2002/H. Edn-dated 4-12-2002) പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഒരേ നിരക്കിലാണ്.

(സി) കുറ്റിപ്പുറം എം.ഇ.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് മാത്രമാണ് ന്യൂനപക്ഷ പദവിയുള്ള ഏക എഞ്ചിനീയറിംഗ് സ്ഥാപനം. മാറമ്പള്ളി എം.ഇ.എസ്. കോളേജിന് എം.സി.എ. യ്ക്ക് ന്യൂനപക്ഷ പദവിയുണ്ട്.

(ഡി) മറ്റ് സ്വാശ്രയ കോളേജുകളിലെന്നപോലെ ഇവിടെയും 50 ശതമാനം സീറ്റുകൾ സർക്കാർ സീറ്റായി പരിഗണിച്ചു ബാക്കി 50 ശതമാനം സീറ്റുകൾ മാനേജ്മെന്റ് സീറ്റായി പരിഗണിച്ചും പ്രവേശനം നൽകുന്നു.

ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് പകരം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന ഉത്തരവ്

7 (*274) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിരുന്നോ ;

(ബി) പ്രസ്തുത നിർദ്ദേശം എല്ലാ സ്കൂളുകൾക്കും അയച്ചിരുന്നുവോ ;

(സി) പ്രസ്തുത നിർദ്ദേശം ലഭിക്കാത്ത സ്കൂളുകളിൽ നിന്നും പാസ്സായ കുട്ടികൾ സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്യാനിടയായിട്ടുണ്ടോ ;

(ഡി) ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് പകരം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് ഉത്തരവായിട്ടുണ്ടോ ;

(ഇ) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനപേക്ഷിക്കുമ്പോൾ, ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതുണ്ടോ ;

(എഫ്) ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ ഉപരിപഠനം നടത്തുന്നിടത്ത് ഏൽപ്പിച്ചവർക്ക് അപേക്ഷയോടൊപ്പം ചേർക്കാൻ പറ്റില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇതുവരെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലാമിനേറ്റ് ചെയ്തവരെ ഡ്യൂപ്ലിക്കേറ്റ് വാങ്ങുന്നതിൽ നിന്നും ഒഴിവാക്കുമോ എന്ന് വ്യക്തമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly